നം.വൈ.1/54164/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : **27.09.2018.**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം - ശാസ്ത്ര-ഗണിത ശാസ്ത്ര, സാമൂഹിക ശാസ്ത്ര മത്സരങ്ങൾ 2018-19 - സംബന്ധിച്ച്

സൂചന:- 02.08.2018 -ലെ വൈ1/39000/18/ഡിപിഐ പ്രകാരമുള്ള സർക്കുലർ

*********

സൂചന സർക്കുലർ പ്രകാരം സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ട വിഷയങ്ങൾ നിശ്ചയിച്ച് നൽകിയിരുന്നു. **നിലവിലുള്ള മാന്വൽ അടിസ്ഥാനമാക്കിയായിരിക്കും ഈ വർഷവും മത്സരങ്ങൾ നടത്തുന്നത്.** പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ മത്സരങ്ങൾ ആർഭാടങ്ങളും ആഘോഷങ്ങളും ഉദ്ഘാടന സമാപനസമ്മേളനങ്ങളും ഒഴിവാക്കിയും ചെലവ് ചുരുക്കിയും താഴെപറയുന്ന ക്രമീകരണങ്ങളോടെ നടത്തേണ്ടതാണ്.

- എൽ.പി./യു.പി വിഭാഗങ്ങളിലെ മത്സരങ്ങൾ സ്കൂൾ തലത്തിൽ അവസാനിക്കേണ്ടതാണ്. **(എൽ.പി, യു.പി. വിഭാഗങ്ങൾക്ക് സബ്ജില്ലാ, ജില്ലാ, സംസ്ഥാന തല മത്സരങ്ങൾ ഉണ്ടായിരിക്കുകയില്ല)**
- ശാസ്ത്രോത്സവം സ്കൂൾ തലത്തിലും സബ്ജില്ലാ തലത്തിലും ഒരുദിവസം കൊണ്ടും റവന്യൂ ജില്ലാ തലത്തിൽ രണ്ടുദിവസം പൂർത്തീകരിക്കേണ്ടതാണ്. സ്കൂൾതലം ഒക്ടോബർ 15നകവും, സബ്ജില്ലാതലം നവംബർ മാസം 5നകവും പൂർത്തിയാകണം. ജില്ലാതല മത്സരങ്ങൾ നവംബർ 15 ന് മുൻപ് പൂർത്തിയാക്കി നവംബർ 24, 25 തീയതികളിൽ കണ്ണൂരിൽ നടക്കുന്ന സ്കൂൾ ശാസ്ത്രോത്സവത്തിൽ വിജയികളെ പങ്കെടുപ്പിക്കുവാൻ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

- റവന്യൂ ജില്ലാ ക്വിസ് മത്സരങ്ങൾ, ടാന്റ് സെർച്ച് എക്സാമിനേഷൻ എന്നിവ മുൻവർഷത്തെപ്പോലെ ഏകീകൃതമായി നടത്തും. സംസ്ഥാനതലത്തിൽ നിന്നും ചോദ്യപേപ്പറും ഉത്തരസൂചികയും നൽകുന്നതാണ്.

- **<u>സി.വി. രാമൻ ഉപന്യാസ രചനാ മത്സരം (ഹൈസ്കൂൾ വിഭാഗം)</u>**

സംസ്ഥാനതല സി.വി. രാമൻ ഉപന്യാസ രചനാ മത്സരം നവംബർ മാസം 7-ാം തീയതി സംസ്ഥാനതല മത്സരം തിരുവനന്തപുരത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചി രിക്കുന്നു. ഒക്ടോബറിന് മുൻപ് സ്കൂൾതലം, സബ്ജില്ലാതലം, റവന്യൂജില്ലാതല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

- **<u>ശാസ്ത്ര നാടക മത്സരം (ഹൈസ്കൂൾ വിഭാഗം)</u>**

സംസ്ഥാനതല സ്കൂൾ ശാസ്ത്ര നാടക മത്സരം നവംബർ 10 ന് തിരുവനന്തപു രത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം ഒക്ടോബർ 10 ന് മുൻപും സബ്ജില്ല ഒക്ടോബർ 15ന് മുൻപും, റവന്യൂജില്ല ഒക്ടോബർ 25 ന് മുൻപും പൂർത്തീകരിക്കേണ്ടതാണ്.

- **<u>സോഷ്യൽ സയൻസ് വാർത്താ വായന മത്സരം (ഹൈസ്കൂൾ വിഭാഗം)</u>**

സോഷ്യൽ സയൻസ് കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാനതല വാർത്താ വായന മത്സരം നവംബർ മാസം 17-ാം തീയതി എറണാകുളത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒക്ടോബറിന് മുൻപ് സ്കൂൾതലം, സബ്ജില്ലാതലം, റവന്യൂജില്ലാ തല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

- **<u>സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം</u>**

സംസ്ഥാനതല സ്കൂൾ ശാസ്ത്രോത്സവം നവംബർ 24, 25 തീയതികളിൽ കണ്ണൂർ ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം ഒക്ടോ ബർ 15 ന് മുൻപും സബ്ജില്ല നവംബർ 5 ന് മുൻപും, റവന്യൂജില്ല നവംബർ 15 ന് മുൻപും പൂർത്തീകരിക്കേണ്ടതാണ്.

- **ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ (ഹൈസ്കൂൾ വിഭാഗം)**

സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ മത്സരം 2019 ജനുവരി 5 ന് കൊല്ലത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂജില്ലാതലം വരെയുള്ള മത്സരങ്ങൾ ഡിസംബർ 31 ന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

- **സോഷ്യൽ സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ (ഹൈസ്കൂൾ വിഭാഗം)**

സംസ്ഥാനതല സോഷ്യൽ സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ മത്സരം 2019 ജനുവരി 12 ന് തൃശ്ശൂരിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂജില്ലാതലം വരെയുള്ള മത്സരങ്ങൾ ഡിസംബർ 31 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
2. എല്ലാ ജില്ലാ / ഉപജില്ലാ ഓഫീസർമാർക്കും,
3. എല്ലാ ജില്ലാ / സബ്ജില്ലാ, ക്ലബ് അസോസിയേഷൻ സെക്രട്ടറിമാർക്കും. (സംസ്ഥാനതല ക്ലബ് സെക്രട്ടറിമാർ മുഖേന)